# إرشـــاد الأئـــمـة

تحت إشراف الأمانة عرفة للثقافة والخيرية، نلكزى، ارناكلم، كيرلا
(Arafa Cultural & Charitable Trust, Nellikuzhi, Ernakulam)
للأستاذ المولوي سي. اي .موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨
الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥

---

**തീയതി: 13/04/2018.**

**വിഷയം: " റജബ് 27ന്റെ സന്ദേശം "**

---

سُبْحَانَ الَّذِي أَسْرَىٰ بِعَبْدِهِ لَيْلًا مِّنَ الْمَسْجِدِ الْحَرَامِ إِلَى الْمَسْجِدِ الْأَقْصَى الَّذِي بَارَكْنَا حَوْلَهُ لِنُرِيَهُ مِنْ آيَاتِنَا ۚ إِنَّهُ هُوَ السَّمِيعُ الْبَصِيرُ ﴿اسراء: ١﴾

➢ ഇന്ന് റജബ് 26. കടന്നുവരുന്നത് 27-ാം രാവ്. ഇസ്‌ലാമിക കലണ്ടറിലെ അതി ശ്രേഷ്ട രാവ്. ഇതുപോലൊരു രാവിലാണ് ഇസ്റാഅ്, മിഅ്റാജ് ഉണ്ടായത്. ഹിജ്റക്ക് മുമ്പ് മക്കത്ത് വെച്ചായിരുന്നു സംഭവം. അമ്മായി ഉമ്മുഹാനിഇന്റെ വീട്ടിൽ ഉറങ്ങിയ നബി (സ്വ) സുബ്ഹിക്ക് മുമ്പ് രണ്ട് സംഭവും കഴിഞ്ഞ് മടങ്ങിയെത്തി. നബി (സ്വ)യുടെ ജീവിതത്തിലെ അതിപ്രധാന മുഅ്ജിസത്തായിരുന്നു ഇത്.

➢ മനുഷ്യർക്ക് അസാധ്യമായത് അല്ലാഹു പ്രവാചകന്മാരെ കൊണ്ട് ചെയ്യിക്കുന്നതാണ് മുഅ്ജിസത്ത്.

اَلْمُعْجِزَةُ أَمْرٌ يَظْهَرُ بِخِلَافِ الْعَادَةِ عَلَى يَدِى مُدَّعى النُّبوَةِ (شرح العقائدة)

അത്ഭുതകരമായ ഇത്തരം അനേകം സംഭവങ്ങൾ ഖുർആൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പരിസരത്തേക്കടുക്കാൻ കഴിയാത്ത അഗ്നിയിൽ നിന്ന് ഇബ്റാഹീം (അ) രക്ഷപ്പെട്ടപോലെ.

قُلْنَا يَا نَارُ كُونِي بَرْدًا وَسَلَامًا عَلَىٰ إِبْرَاهِيمَ ﴿انبياء: ٦٩﴾

കാറ്റിന്റെ സഹായത്തോടെ സുലൈമാൻ (അ) ബഹുദൂരം സഞ്ചരിക്കുമായിരുന്നു.

وَلِسُلَيْمَانَ الرِّيحَ غُدُوُّهَا شَهْرٌ وَرَوَاحُهَا شَهْرٌ ۖ ﴿سبأ: ١٢﴾

ഇത് ശാരീരിക പ്രയാണമായിരുന്നു. അല്ലെങ്കിൽ ഖുർആൻ അൽഭുതമായി അവതരിപ്പിക്കുന്നതിൽ എന്താണുള്ളത്. ഇതിന്റെയെല്ലാം പിന്നിൽ അല്ലാഹുവിന്റെ കഴിവും ശക്തിയുമാണ് പ്രവർത്തിക്കുന്നത്. പ്രവാചകന്മാരിലൂടെ വെളിപ്പെടുന്നു എന്നു മാത്രം.

فَعَّالٌ لِمَا يُرِيدُ ﴿بروج:١٦﴾. أَلَمْ تَعْلَمْ أَنَّ اللَّهَ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿البقرة: ١٠٦﴾

➤ പ്രവാചക നേതാവായ നബി(സ്വ)ക്ക് ലഭിക്കുന്ന മുഅ്ജിസത്ത്, മറ്റു നബിമാരുടെ മുഅ്ജിസത്തുകളുടെ നേതാവകണമല്ലോ? അതാണ് ഇസ്റാഅ് മിഅ്റാജ്.

سُبْحَانَ الَّذِي أَسْرَىٰ بِعَبْدِهِ لَيْلًا مِّنَ الْمَسْجِدِ الْحَرَامِ إِلَى الْمَسْجِدِ الْأَقْصَى الَّذِي بَارَكْنَا حَوْلَهُ لِنُرِيَهُ مِنْ آيَاتِنَا ۚ إِنَّهُ هُوَ السَّمِيعُ الْبَصِيرُ ﴿اسراء: ١﴾

അതുകൊണ്ടുതന്നെ ഇത് ശാരീരിക പ്രയാണമാകാതിരിക്കാൻ തരമില്ല. സുലൈമാൻ(അ)ക്ക് കാറ്റിന്റെ സഹായത്തോടെ ശാരീരിക യാത്ര സാധ്യമാകുമെങ്കിൽ നബി (സ്വ)ക്ക് ബുറാഖിൽ എന്തു കൊണ്ടും ആകാം. തന്നെയുമല്ല ആയത്തിലെ ബി അബ്ദിഹി എന്ന പ്രയോഗം ശാരീരികാവസ്ഥയെ സൂചിപ്പിക്കുന്നുണ്ട്.

وَالْعَبْدُ عِبَارَةٌ عَنْ مَجْمُوعِ الْجَسَدِ وَالرُّوحِ (ابن كثير)

(=ശരീരവും ആത്മാവും കൂടിച്ചേർന്നുള്ള അവസ്ഥയിലേ അബ്ദ് എന്നു പറയൂ) ചുരുക്കത്തിൽ പ്രവാചക ജീവിതത്തിലെ അത്യൽഭുത സംഭവമാണ് ഇസ്റാഅ്, മിഅ്റാജ്. അത് ഈ ഉമ്മത്തിന്റെ അഭിമാനം കൂടിയാണ്.

➤ നാം സിദ്ധീഖുകളാകുകയെന്നതാണ് ഇസ്റാഅ് മിഅ്റാജിന്റെ പ്രഥമസന്ദേശം. അല്ലാഹുവും റസൂലും അറിയിച്ച കാര്യങ്ങളിൽ സംശയലേശമന്യേ ദൃഢമായി വിശ്വസിക്കുന്നവരാണ് സിദ്ധീഖുകൾ.

إِنَّمَا الْمُؤْمِنُونَ الَّذِينَ آمَنُوا بِاللَّهِ وَ رَسُولِهِ ثُمَّ لَمْ يَرْتَابُوا وَجَاهَدُوا بِأَمْوَالِهِمْ وَ أَنْفُسِهِمْ فِي سَبِيلِ اللَّهِ أُولَئِكَ هُمُ الصَّادِقُونَ (حجرات)

അബൂബക്കർ(റ)ന് സിദ്ധീഖ് എന്ന് പേര് കിട്ടിയത് തന്നെ ഇതുമായി ബന്ധപ്പെട്ടാണ്. ഇസ്റാഅ് മിഅ്റാജിൽ സംശയിച്ചവരോട്, നബി(സ്വ) പറഞ്ഞതിൽ തനിക്ക് സംശയമില്ലെന്നും അതിലും വലിയ അത്ഭുതമായ വഹ്‌യിൽ വിശ്വസിക്കുന്നവർക്ക് ഇതിൽ അത്ഭുതമില്ലെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

عَنْ عَائِشَةَ قَالَتْ:لَمَّا أُسْرِيَ بِالنَّبِيِّ ﷺ ....سَعَوْا بِذَلِكَ إِلَى أَبِي بَكْرٍ رَضِيَ اللَّهُ عَنْهُ ، فَقَالُوا : هَلْ لَكَ فِي صَاحِبِكَ ؟ يَزْعُمُ أَنَّهُ أُسْرِيَ بِهِ فِي اللَّيْلِ إِلَى بَيْتِ الْمَقْدِسِ ، قَالَ : أَوَ قَالَ ذَلِكَ ؟ قَالُوا : نَعَمْ ، قَالَ (ص): نَعَمْ ، إِنِّي لَأُصَدِّقُهُ بِمَا هُوَ أَبْعَدُ مِنْ ذَلِكَ : أُصَدِّقُهُ بِخَبَرِ السَّمَاءِ فِي غُدْوَةٍ أَوْ رَوْحَةٍ ، فَلِذَلِكَ سُمِّيَ أَبُو بَكْرٍ الصِّدِّيقَ (بيهقي)

➢ ബൈത്തുൽ മുഖദ്ദസിന്റെ സ്ഥാനവലിപ്പം നെഞ്ചേറ്റലാണ് രണ്ടാമത്തെ സന്ദേശം. ആദം (അ) പണിതതും ലോകത്ത് രണ്ടാമത് നിർമ്മിച്ചതും ബൈത്തുൽ മുഖദ്ദസാണ്.

إِنَّ أَوَّلَ مَنْ أَسَّسَ الْمَسْجِدَ الْأَقْصَى آدَمُ (فتح الباري)

عَنْ أَبِي ذَرٍّ ﷺ قَالَ قُلْتُ يَا رَسُولَ اللَّهِ أَيُّ مَسْجِدٍ وُضِعَ فِي الْأَرْضِ أَوَّلَ قَالَ الْمَسْجِدُ الْحَرَامُ قَالَ قُلْتُ ثُمَّ أَيٌّ قَالَ الْمَسْجِدُ الْأَقْصَى قُلْتُ كَمْ كَانَ بَيْنَهُمَا قَالَ أَرْبَعُونَ سَنَةً (بخاري)

അവിടെ തിരുനബി(സ്വ)യുടെ നേതൃത്വത്തിൽ സർവ്വ നബിമാരും ഒരുമിച്ച് നമസ്ക്കരിച്ചതോടെ അഖ്സയുടെ ചരിത്രം മാറിമറിഞ്ഞു.

➢ മക്കയും മദീനയും എന്ന പോലെ ഇസ്റാഅ് മിഅ്റാജിലൂടെ അഖ്സയും ഭൂമിയിലെ അതിശ്രേഷ്ഠ ഇടമായി.

പള്ളി എന്ന നിലക്ക് അവ മൂന്നിനും പ്രത്യേക പുണ്യവും പദവിയുമുണ്ട്. അവിടെ ആരാധന നടത്താൻ നേർച്ചയാക്കിയാൽ അവിടെ തന്നെ പോകേണ്ടിവരും. ബാക്കി എല്ലാ പള്ളികളും: ജുമുഅത്ത് പള്ളി/ നിസ്ക്കാരപ്പള്ളി തുല്യ പദവിയിലാണ്. അവയിൽ ഒന്നിൽ നേർച്ചയാക്കിയാൽ അവിടെതന്നെ പോകേണ്ടതില്ല. പ്രത്യേക പുണ്യത്തിനായി അവയിലേക്ക് യാത്രയുമില്ല.

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ عَنْ النَّبِيِّ ﷺ قَالَ لَا تُشَدُّ الرِّحَالُ إِلَّا إِلَى ثَلَاثَةِ مَسَاجِدَ الْمَسْجِدِ الْحَرَامِ وَمَسْجِدِ الرَّسُولِ ﷺ وَمَسْجِدِ الْأَقْصَى (بخاري)

പള്ളിയെ കരുതിയുള്ള യാത്രയാണിവിടെ ഉദ്ദേശ്യം. അത് ഹദീസിൽ തന്നെ വന്നിട്ടുണ്ട്.

➢ ഇതല്ലാതെ മറ്റ് ഇടങ്ങളിലേക്കുള്ള യാത്രകളൊന്നും ഈ ഹദീസിൽ വിലക്കപ്പെട്ടിട്ടില്ല. സിയാറത്ത് യാത്രയും മറ്റും ഈ പരിധിയിൽ വരുന്നതുമല്ല. അതാണ് വസ്തുത.

وَأَمَّا قَصْدُ غَيْرِ الْمَسَاجِدِ لِزِيَارَةِ صَالِحٍ، أَوْ قَرِيب، أَوْ صَاحِبٍ، أَوْ طَلَبِ عِلْمٍ، أَوْ تِجَارَةٍ، أَوْ نُزْهَةٍ فَلَا يَدْخُلُ فِي النَّهْيِ(فتح الباري)

ചുരുക്കത്തിൽ ഇസ്റാഅ്മിഅ്റാജിലൂടെ അഖ്സയെ ചരിത്ര സ്മാരകമാക്കി ഉയർത്തപ്പെട്ടു. ആ പദവി ഖിയാമത്ത് വരെ നില നിൽക്കും. അതിന് ഭംഗം വരുത്തുന്ന സയന്റിസ്റ്റ് നീക്കൾക്കെതിരെ നാം പ്രാർത്ഥനാനിരതരാകണം.

➢ തിരുനബി(സ്വ)ക്കും അതുവഴി നമുക്കും ലഭിച്ച ഈ വലിയ അനുഗ്രഹത്തിൽ നാം സന്തോഷിക്കുകയും നന്ദിയുള്ളവരാകുകയും വേണം. 27-ന്റെ നോമ്പിനെ ആ നിലക്കാണ് നോക്കിക്കാണേണ്ടത്.

وَيَومُ سبعةٍ وعشرين من رجبٍ له شرفٌ عظيمٌ رَوى أبو هريرة أن رسول الله ﷺ قال من صَام يومَ سبعٍ وعشرين من رجب كتب الله له صيامَ ستين شهراً (إحياء ١/١٠٥) ويستحب صوم يوم المعراج ( باجوري ١/٣١٤)

∆ ∆ ∆